# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

### ദൂത് മുപ്പത്തിരണ്ട്

## ക്രിസ്തുവിന്റെ രൂപാന്തരപ്പെടുത്തുകയും പണിയുകയും ചെയ്യുന്ന ജീവനെ അനുഭവമാക്കുന്നു

Tue 1925-ൽ ഞാൻ വെളിപ്പാട് പുസ്തകം വായിക്കുവാനും, പഠിക്കുവാനും, സൂക്ഷ്മനിരീക്ഷണംനടത്തുവാനും ആരംഭിച്ചു. എന്നെ അഭിമുഖീകരിച്ച ഏറ്റവും പ്രയാസകരമായ കാര്യം ആദ്യത്തെ മൂന്ന് അധ്യായങ്ങളിലൂടെ കടന്നുപോകുന്നതായിരുന്നു, പ്രത്യേകിച്ചും ഏഴു സഭകളെ സംബന്ധിച്ച രണ്ട് അധ്യായങ്ങൾ. ആർക്കെങ്കിലും കഷ്ടിച്ചുമാത്രം വിശദീകരിക്കുവാൻ കഴിയുന്ന പ്രയാസകരമായ നിരവധി വാക്യങ്ങൾ ഏഴു സഭകൾക്കുള്ള ഏഴു ലേഖനങ്ങളിൽ ഉണ്ട്. ഏറ്റവും പ്രയാസകരമായ വാക്യങ്ങളിൽ ഒന്ന് 3:12 ആണ്; അവിടെ കർത്താവു പറഞ്ഞു, "ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിലെ തൂണാക്കും, അവൻ ഒരുവിധത്തിലും ഇനിമേൽ പുറത്തുപോകുകയില്ല, ഞാൻ അവന്റെമേൽ എന്റെ ദൈവത്തിന്റെ നാമവും, എന്റെ ദൈവത്തിന്റെ അരികിൽനിന്ന്, സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്ന, പുതിയ യെരൂശലേമെന്ന എന്റെ ദൈവത്തിന്റെ നഗരത്തിന്റെ നാമവും, എന്റെ പുതിയ നാമവും എഴുതും." അമ്പത്തൊന്നു വർഷം മുമ്പ് ഞാൻ ഈ വാക്യം വായിച്ചപ്പോൾ അതു മനസ്സിലാക്കുന്നതിന് എനിക്ക് വളരെ പ്രയാസമുണ്ടായിരുന്നു. കർത്താവ് ദൈവത്തിന്റെ ആലയത്തിൽ നമ്മെ ഒരു തൂണാക്കുമെന്നും, അവൻ ദൈവത്തിന്റെ നാമവും, പുതിയ യെരൂശലേമിന്റെ നാമവും, അവന്റെ പുതിയ നാമവും നമ്മുടെമേൽ എഴുതുമെന്നും പറയുന്നത് എന്താണ് അർഥമാക്കുന്നത്? ഈ വിഷയത്തെ സംബന്ധിച്ച് ഞാൻ ആരാഞ്ഞിരുന്ന ഒരു പുസ്തകത്തിനും എന്റെ ചോദ്യത്തിനുള്ള ഉത്തരം നല്കുവാൻ കഴിഞ്ഞില്ല. ഒരു നാലാം ക്ലാസ്സുകാരനുപോലും ഇതിലെ വാക്കുകൾ മനസ്സിലാക്കുവാൻ കഴിയുമെങ്കിലും, ഈ വാക്യത്തിന്റെ യഥാർഥ പൊരുൾ മനസ്സിലാക്കുവാൻ വളരെ പ്രയാസമാണ്. സകല വ്യാഖ്യാതാക്കൾക്കും പര്യാപ്തമാംവണ്ണമുള്ള അനുഭവമില്ലാതിരുന്നതുകൊണ്ട് അവർക്കെല്ലാം വെളിപ്പാട് 3:12 പ്രയാസകരമായ ഒരു വാക്യമായിരിക്കുന്നു. വർഷങ്ങൾക്കുശേഷം,

വെളിപ്പാട് രണ്ടും മൂന്നും അധ്യായങ്ങളിലെ ഏഴു ലേഖനങ്ങളിലെ ഏഴു വാഗ്ദത്തങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത് ഈ വാഗ്ദത്തമാണെന്ന് ഒടുവിൽ ഞാൻ മനസ്സിലാക്കി. ഈ ദൂതിൽ നാം ഫിലദെൽഫ്യയിലുള്ള സഭയിലെ ജയാളിക്കുള്ള കർത്താവിന്റെ ഈ വാഗ്ദത്തത്തെ ചിന്തിക്കേണ്ടിയിരിക്കുന്നു.

## ഏറ്റവും ശ്രേഷ്ഠമായ അനുഗ്രഹം

അനിവാര്യമായ അനുഭവം കൂടാതെ 3:12 മനസ്സിലാക്കുവാൻ നമുക്ക് കഴിയുകയില്ല. ഇവിടെ കർത്താവിന്റെ വാഗ്ദത്തം നമുക്ക് ചിലതു നല്കുന്നതിനല്ല, നമ്മെ ചിലത് ആക്കുന്നതിനാണ്. കർത്താവിന്റെ വാഗ്ദത്തങ്ങളെക്കുറിച്ച് നാം ചിന്തിക്കുമ്പോഴെല്ലാം അവൻ നമുക്ക് ചിലതു തരുമെന്ന് നാം എപ്പോഴും ചിന്തിക്കുന്നു. നമ്മുടെ ധാരണയനുസരിച്ച്, ഒരു വാഗ്ദത്തം ഒരു അനുഗ്രഹത്തോട് ബന്ധപ്പെട്ടിരിക്കുന്നു. നമ്മെ സംബന്ധിച്ച്, ഒരു അനുഗ്രഹം കൂടാതെ വാഗ്ദത്തം ഉണ്ടായിരിക്കുവാൻ കഴിയുകയില്ല. എന്നാൽ 3:12-ൽ "ഞാൻ അവനു നല്കും" എന്ന് കർത്താവു പറഞ്ഞില്ല; "ഞാൻ അവനെ ആക്കും" എന്ന് അവൻ പറഞ്ഞു. 3:12-ൽ നമുക്കു വിശുദ്ധിയോ ഒരു സ്വർഗീയാനുഗ്രഹമോ നല്കുമെന്ന് കർത്താവു വാഗ്ദത്തം ചെയ്യുന്നില്ല. ഇല്ല, ഇവിടെ അവൻ വാഗ്ദത്തം ചെയ്യുന്നത് നമ്മെ ചിലത്—ദൈവത്തിന്റെ ആലയത്തിലെ ഒരു തൂൺ—ആക്കിത്തീർക്കും എന്നാണ്.

ദൈവത്തിന്റെ ആലയത്തിലെ ഒരു തൂണായിത്തീരുന്നതിൽ രണ്ടു കാര്യങ്ങൾ അടങ്ങുന്നു—രൂപാന്തരവും കെട്ടുപണിയും. ഞാൻ ഈ രാജ്യത്തിൽ വന്നതുമുതൽ എന്റെ ഭാരം ഈ രണ്ടു വിഷയങ്ങളിലായിരുന്നു. കർത്താവിന് നമുക്കു നല്കുവാൻ കഴിയുന്ന ഏറ്റവും ശ്രേഷ്ഠമായ അനുഗ്രഹം നമ്മെ രൂപാന്തരപ്പെടുത്തുന്നതും തന്റെ ആലയമായി നമ്മെ പണിയുന്നതുമാണ്. ദൈവത്തിന്റെ ആലയത്തിലെ ഒരു തൂണാക്കുകയെന്നാൽ എന്താണ് അർഥമാക്കുന്നതെന്ന് മനസ്സിലാക്കുവാൻ മിക്ക ക്രിസ്ത്യാനികൾക്കും കഴിയുമായിരുന്നില്ല. എന്താണ് ഇത് അർഥമാക്കുന്നത്? ദൈവത്തിന്റെ നാമവും, പുതിയ യെരൂശലേം എന്ന നാമവും, കർത്താവിന്റെ പുതിയ നാമവും നമ്മുടെമേൽ എഴുതപ്പെടുന്നത് എന്താണ് അർഥമാക്കുന്നത്? എന്നാൽ ഫിലദെൽഫ്യയിലെ സഭയുടെ നിലവാരത്തിൽ എത്തിച്ചേർന്നവർക്ക് അവരുടെ ഉള്ളിൽ ശരിയായ അറിവുണ്ട്. നാം ഈ തലത്തിലാണെങ്കിൽ, കർത്താവു നമ്മെ രൂപാന്തരപ്പെടുത്തുവാൻ നാം ഒരുക്കമുള്ളവരാണ്. നാം കർത്താവിൽനിന്ന് പ്രാപിച്ച അല്പം ശക്തി അവന്റെ വചനത്തിന്മേൽ ഉപയോഗിക്കുകയും അവനുമായി വ്യവഹാരത്തിൽ ഏർപ്പെടുകയും ചെയ്യുന്നുവെങ്കിൽ, രൂപാന്തരപ്പെട്ടവരാകുവാൻ നാം ഒരുക്കമുള്ളവരും കർത്താവു നമ്മെ ഒരു തൂണാക്കുവാൻ നാം

ശരിയായ സ്ഥാനത്തിലും ആണ്. ഇതിന് ഒന്നാമത് നാം വിലയേറിയ വസ്തുവായി രൂപാന്തരപ്പെടുകയും, രണ്ടാമത് നാം ഒരു തൂണായി പണിയപ്പെടുകയും വേണം. കളിമണ്ണായ നമുക്ക് എങ്ങനെയാണ് ദൈവത്തിന്റെ ആലയത്തിലെ ഒരു തൂണായിത്തീരുവാൻ കഴിയുന്നത്? കളിമണ്ണിൽനിന്നും വിലയേറിയ കല്ലിലേക്ക് രൂപാന്തരപ്പടുകയും ദൈവത്തിന്റെ ആലയമായി പണിയപ്പെടുകയും ചെയ്യുന്നതൊഴികെ യാതൊരു മാർഗവും ഇല്ല. 3:12-നു മുമ്പ് നമുക്ക് 2:17-ലുള്ള കർത്താവിന്റെ വാഗ്ദത്തമുണ്ട്: മറഞ്ഞിരിക്കുന്ന മന്നയായി അവനെ ഭക്ഷിക്കുന്നതിലൂടെ നമുക്ക് ഒരു വെള്ളക്കല്ലായി രൂപാന്തരപ്പെടുവാൻ കഴിയുമെന്ന് അവിടെ പറയുന്നു. ഇത് വാസ്തവമായും ഏറ്റവും ശ്രേഷ്ഠമായ അനുഗ്രഹമാണ്. ഇതിൽ നമ്മുടെ ആളത്തംതന്നെ അടങ്ങിയിരിക്കുന്നു, കാരണം അത് നാം എന്താകുന്നുവോ അതുമായി ബന്ധപ്പെട്ടിരിക്കുന്നു. ഏറ്റവും ശ്രേഷ്ഠമായ അനുഹം കർത്താവ് നമുക്ക് എന്തു തരുന്നു എന്നതല്ല, പിന്നെയോ കർത്താവു നമ്മെ എന്താക്കുന്നു എന്നതാണ്.

ഞാൻ ഒരു കളിമണ്ണ് പിണ്ഡമാണെന്ന് കരുതുക. നിങ്ങൾ എനിക്ക് എന്തു തന്നാലും, അതു സ്വർണ്ണമോ, വജ്രമോ എന്തുതന്നെയായാലും, ഞാൻ അപ്പോഴും കളിമണ്ണാണ്. നിങ്ങൾ എന്നെ സ്വർഗത്തിലേക്കു കൊണ്ടുപോയി ദൈവത്തിന്റെ മുമ്പിൽ വച്ചാലും, ഞാൻ അപ്പോഴും കളിമണ്ണായിരിക്കും. ഏറ്റവും ശ്രേഷ്ഠമായ അനുഗ്രഹം കർത്താവ് എന്നെ ദൈവത്തിന്റെ വാസസ്ഥലവുമായി ബന്ധപ്പെട്ട ഒന്നായി രൂപാന്തരപ്പെടുത്തുന്നതായിരിക്കും. സഭാജീവിതത്തിൽ നാം വസ്തുനിഷ്ഠമായ അനുഗ്രഹങ്ങൾ പ്രതീക്ഷിക്കരുത്. മറിച്ച്, കർത്താവിന്റെ അനുഗ്രഹം എപ്പോഴും നമ്മെ ചിലതാക്കുന്നതും, അതായത് നമ്മെ വിലയേറിയ വസ്തുവായി രൂപാന്തരപ്പെടുത്തുന്നതും, ദൈവത്തിന്റെ കെട്ടിടമായി നമ്മെ പണിയുന്നതും ആണെന്ന് നാം മനസ്സിലാക്കണം. ഈ വാക്ക് നിങ്ങളുടെ ഉള്ളിൽ നിങ്ങൾ സ്വീകരിക്കുന്നുവെങ്കിൽ, അതു നിങ്ങളുടെ ധാരണയെ തികച്ചും അടിമുടി മാറ്റും. നിങ്ങൾ ഈ ദർശനം കണ്ടിട്ടുണ്ടെങ്കിൽ, കർത്താവു നിങ്ങളെ പുറമെയുള്ള കാര്യങ്ങൾ നല്കി അനുഗ്രഹിക്കുന്നത് അപ്പോഴും നിങ്ങൾ പ്രതീക്ഷിക്കുമോ? ഇല്ല, നാം ആ പ്രതീക്ഷ ഉപേക്ഷിക്കും. നാം വാസ്തവമായി ഈ ദർശനം കണ്ടിട്ടുണ്ടെങ്കിൽ, സഭാജീവിതത്തിൽ കർത്താവിന്റെ ഇംഗിതം നമുക്കു വെളിയിൽ ചിലതു ചെയ്യുന്നതല്ല, പിന്നെയോ മൊത്തത്തിൽ നമ്മുടെ ആളത്തവുമായി ബന്ധപ്പെട്ട ചിലത് ചെയ്യുന്നതാണെന്നു നാം മനസ്സിലാക്കും. അവൻ നമ്മെ മറ്റൊരു ആളത്തമാക്കും.

## നമ്മുടെമേൽ എഴുതപ്പെടുന്ന മൂന്നു നാമങ്ങൾ

കർത്താവു നമ്മെ തൂണുകളാക്കുമെന്നു മാത്രമല്ല,

അവൻ നമ്മുടെമേൽ മൂന്നു നാമങ്ങൾ എഴുതുകയും ചെയ്യും: ´ദൈവത്തിന്റെ നാമവും, പുതിയ യെരൂശലേം എന്ന നാമവും, അവന്റെ പുതിയ നാമവും. ഒരു വസ്തുവിന്മേൽ പേര് എഴുതുകയെന്നാൽ, അതിന് ഒരു അഭിദാനം നല്കുക എന്നാണ്. ഞാൻ നിങ്ങളോട് പേരു ചോദിക്കുന്നുവെങ്കിൽ, നിങ്ങൾ എന്തു പറയും? "എന്റെ പേര് ദൈവം" എന്നാണെന്നു പറയുവാനുള്ള ധൈര്യം നിങ്ങൾക്കുണ്ടോ? ദൈവത്തിന്റെ നാമം നമ്മുടെ മേൽ എഴുതുമെന്ന് കർത്താവ് വാഗ്ദത്തം ചെയ്തതുകൊണ്ട് ഇങ്ങനെ പറയുന്നത് ദൈവദൂഷണമല്ല. എന്റെമേലാണ് കർത്താവ് ദൈവത്തിന്റെ നാമം എഴുതിയതെന്നും നിങ്ങൾ എന്റെ പേരു ചോദിക്കുകയും ചെയ്തുവെന്നു ചിന്തിക്കുക. "ദയവു ചെയ്ത് എന്റെമേൽ എന്താണ് എഴുതിയിരിക്കുന്നതെന്നു വായിക്കുക—*ദൈ-വം*. ഇതാണ് എന്റെ പേര്, എന്റെ അഭിദാനം." ഞാൻ ഇതു പറയുന്നതുകൊണ്ട് എതിർക്കുന്നവരായ ചിലർ എന്നെ വിമർശിക്കുമായിരിക്കും. എന്നാൽ ഞാൻ ദൈവദൂഷകനാണെന്ന് എന്നെ കുറ്റംചുമത്തുകയോ പഴിക്കുകയോ അരുത്. ഞാൻ കേവലം എഴുതപ്പെട്ടിരിക്കുന്ന ഒരുവൻ മാത്രമാണ്—എഴുത്തുകാരൻ അവനാണ്. നിങ്ങൾ അവനെ പഴിക്കണം.

കർത്താവ് നമ്മുടെമേൽ പുതിയ യെരൂശലേം എന്ന നാമവും എഴുതും. പുതിയ യെരൂശലേമിന്റെ എത്രമാത്രം നിങ്ങളുടെമേൽ എഴുതപ്പെട്ടിട്ടുണ്ട്? ഒരുപക്ഷേ മറ്റുള്ളവർക്ക് നിങ്ങളുടെമേൽ *പു-തി-യ-യെ-രൂ* എന്നീ അക്ഷരങ്ങൾ മാത്രമേ കാണുവാൻ കഴിയുന്നുണ്ടാകൂ. എന്നാൽ ഒടുവിൽ, കുറച്ചു സമയത്തിനുശേഷം, *പുതിയ യെരൂശലേമിന്റെ* എല്ലാ അക്ഷരങ്ങളും നിങ്ങളുടെമേൽ എഴുതപ്പെടും.

അവസാനമായി, കർത്താവു തന്റെ പുതിയ നാമം നമ്മുടെമേൽ എഴുതും. കർത്താവ് എപ്പോഴും പുതിയവനായതുകൊണ്ട്, അവന് തീർച്ചയായും പഴയ നാമമില്ല, പുതിയ നാമമേയുള്ളൂ. കർത്താവിന്റെ ഈ പുതിയ നാമം എന്താണ്? അത് നാം അനുഭവമാക്കുന്ന ക്രിസ്തു തന്നെയാണ്. നമുക്ക് പര്യാപ്തമാംവണ്ണം അനുഭവം ഉണ്ടായതിനുശേഷം മാത്രമേ ഈ പുതിയ അഭിദാനം നാം സ്വീകരിക്കുകയുള്ളൂ. ഏറ്റവും ശ്രേഷ്ഠമായ അനുഗ്രഹം കർത്താവു നമ്മെ ദൈവത്തെപ്പോലെ ആക്കുന്നതും, നമ്മെ പുതിയ യെരൂശലേമിന്റെ ഭാഗമാക്കുന്നതും, ഒരു പുതിയ രീതിയിൽ നമ്മെ ക്രിസ്തുവിന്റെ ആവിഷ്കാരമാക്കുന്നതും ആണെന്ന് ഇവ എല്ലാറ്റിനാലും നമുക്കു കാണുവാൻ കഴിയും.

Wed

## നമ്മുടെമേൽ എഴുതുന്ന കർത്താവിന്റെ രീതി

കർത്താവിന്റെ ഏറ്റവും വലിയ അനുഗ്രഹം അവൻ നമ്മെ ചിലതാക്കിത്തീർക്കുമെന്ന് അവൻ വാഗ്ദത്തം

ചെയ്യുന്നതാണെന്ന് സഭകളിലുള്ള നാം കാണണം. അവൻ ഇത് നിർവഹിക്കുന്ന രീതി അവനെത്തന്നെ നമ്മിലേക്ക് പണിതുചേർക്കുന്നതാണ്. ദൈവത്തിന്റെ നാമത്തെയും, പുതിയ യെരൂശലേം എന്ന നാമത്തെയും, കർത്താവിന്റെ പുതിയ നാമത്തെയും നമ്മുടെമേൽ എഴുതുന്നത് വാസ്തവത്തിൽ ദൈവത്തെ നമ്മിലേക്ക് പണിതുചേർക്കുന്നതിനെയും, പുതിയ യെരൂശലേമിനെ നമ്മുടെ ആളത്തത്തിലേക്ക് പണിതുചേർക്കുന്നതിനെയും, അവന്റെ പുതിയ ആവിഷ്കാരമായി ക്രിസ്തുവിന്റെ സദ്ഗുണങ്ങളെ നമ്മിലേക്കു പണിതുചേർക്കുന്നതിനെയുമാണ് പരാമർശിക്കുന്നത്. ഒടുവിൽ, ഈ പണിതുചേർക്കലിലൂടെ, ഈ മൂന്നു നാമങ്ങളും നമ്മുടെമേൽ എഴുതപ്പെടും. അവന്റെ മൂലകം നമ്മിലേക്കു പണിതുചേർക്കുന്നതാണ് ഈ നാമങ്ങൾ നമ്മുടെമേൽ എഴുതുന്നത്.

കല്ലായിത്തീർക്കപ്പെട്ട മരത്തെ ഉദാഹരണമായി എടുക്കുക. ഒന്നാമത്, നമുക്ക് ഒരു സാധാരണ മരം ഉണ്ട്. വെള്ളം അതിലൂടെ ഒഴുകുന്നതിലൂടെ അത് മരത്തിന്റെ സ്വാഭാവികമായ മൂലകത്തെ എടുത്തുകളയുകയും ഉറച്ച ധാതുമൂലകം അതിനു പകരമായി ചേർക്കപ്പെടുകയും ചെയ്യുന്നു. ഈ പ്രക്രിയ സംഭവിക്കുമ്പോൾ, മരം ക്രമേണ കല്ലായിത്തീരുന്നു. ഈ പ്രക്രിയ പൂർത്തിയായതിനുശേഷം ആ മരക്കഷണത്തിനുമേൽ *കല്ലായിത്തീർക്കപ്പെട്ട മരം* എന്ന വാക്ക് നമുക്ക് എഴുതുവാൻ കഴിയും. ഈ അഭിദാനം മരത്തിന്റെ നാരിലേക്ക് എന്താണ് ചേർക്കപ്പെട്ടതെന്ന് വിവരിക്കുന്നു.

ഈ മൂന്നു നാമങ്ങൾ എഴുതപ്പെട്ടിരിക്കുന്നത് നമ്മുടെ ആളത്തത്തിലേക്ക് ദിവ്യമൂലകം പണിതു ചേർക്കപ്പെട്ടിരിക്കുന്നതിനെ വിവരിക്കുന്നുവെന്ന് ഞാൻ പിന്നെയും പറയുന്നു. അതുകൊണ്ട്, സഭാജീവിതത്തിലെ ഏറ്റവും ശ്രേഷ്ഠമായ അനുഗ്രഹം കർത്താവു നമുക്ക് ചിലതു തരും എന്നതല്ല, പിന്നെയോ നമ്മെ പുതിയ യെരൂശലേമിന്റെ ഭാഗമാക്കുവാൻ അവൻ ഇപ്പോൾ നമ്മിലേക്ക് അവനെത്തന്നെ പണിതുചേർക്കുന്നു എന്നതാണ്. ഈ പ്രവർത്തനത്തിലൂടെ നമുക്ക് ദൈവത്തിൽനിന്ന് ചിലതും അതോടൊപ്പം സർവവും ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ ചില പുതിയ അനുഭവവും ഉണ്ടായിരിക്കും. നമുക്ക് പുറമെയുള്ള അനുഗ്രഹങ്ങൾ ഇല്ലായിരിക്കാം. കർത്താവു നമ്മെ കരുതുന്നുവെങ്കിലും, പുറമെയുള്ള ഈ കരുതലിനെ നമ്മുടെ വാസ്തവമായ അനുഗ്രഹമായി നാം കണക്കാക്കുന്നില്ല. വാസ്തവമായ അനുഗ്രഹം അവൻ നമ്മെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കുന്നതും അതിന്മേൽ അത്ഭുതകരമായ മൂന്നു നാമങ്ങൾ എഴുതുന്നതുമാണ്.

## ആത്യന്തിക പരിണതി

ദൈവത്തിന്റെ നിത്യോദ്ദേശ്യം ദൈവത്തിന്റെ കെട്ടുപണിയിലൂടെ

നിവർത്തിക്കപ്പെടുന്നു എന്ന കാര്യം നൂറ്റാണ്ടുകളിലുടനീളം അതിയായി അവഗണിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് 3:12-ന്റെ പ്രാധാന്യം എന്താണെന്ന് നിങ്ങൾക്ക് പറഞ്ഞുതരുവാൻ മിക്ക ക്രിസ്ത്യാനികൾക്കും കഴിയുകയില്ല. ഇന്നും ക്രിസ്തുമതത്തിൽ ദൈവത്തിന്റെ കെട്ടുപണിയെക്കുറിച്ച് ഒരു വാക്ക് വിരളമായി പോലും കേൾക്കുവാൻ നിങ്ങൾക്ക് കഴിയുകയില്ല. *കെട്ടുപണി* എന്ന പദം ആത്മികവർദ്ധനയ്ക്കു സമമായ അർഥമാണുള്ളതെന്ന് അനേകം ക്രിസ്ത്യാനികളും തെറ്റിധരിക്കുന്നു. അനേകർക്കും, കെട്ടുപണി ചെയ്യുക എന്നാൽ കേവലം അത്മികവർദ്ധവു നല്കുന്നതാണ്. അനേകരും ആത്മികവർദ്ധനയ്ക്ക് ഊന്നൽ നല്കുന്നുവെങ്കിലും, ആരുംതന്നെ അവന്റെ നിത്യവാസസ്ഥലത്തിൽ പര്യവസാനിക്കുന്ന ദൈവസഭയുടെ പ്രായോഗികമായ കെട്ടുപണിക്കുവേണ്ടി കരുതുന്നില്ല. എന്നിരുന്നാലും, എന്താണ് വേദപുസ്തകത്തിന്റെ ആത്യന്തിക പരിണതി? നാം വെളിപ്പാട് പുസ്തകത്തിന്റെ അവസാനത്തെ രണ്ട് അധ്യായങ്ങളിലേക്കു വരുമ്പോൾ, നാം മതത്തെയോ, സദാചാരത്തെയോ, ധാർമികതയെയോ, ആത്മികവർദ്ധനവിനെയോ കാണുന്നില്ല— നാം പുതിയ യെരൂശലേം എന്ന നഗരത്തെ കാണുന്നു. അനേകം ക്രിസ്ത്യാനികളും പുതിയ യെരൂശലേമിനെ ഒരു സ്വർഗീയ മാളികയായി കരുതുന്നു. ഈ നഗരം സ്വർഗത്തിൽനിന്ന് ഇറങ്ങിവരുമെന്ന് അവർ ഒരിക്കലും ശ്രദ്ധിച്ചിട്ടില്ല എന്ന് തോന്നുന്നു (21:2). മിക്ക ക്രിസ്ത്യാനികളും സ്വർഗത്തിലേക്കു പോകുവാൻ ഉത്സുകരായിരിക്കുമ്പോൾ, ദൈവത്തിന്റെ ആഗ്രഹം സ്വർഗത്തിൽനിന്നും ഇറങ്ങിവരുന്നതാണ്. പുതിയ യെരൂശലേം പഴയ സൃഷ്ടിയിലും പുതിയ സൃഷ്ടിയിലുമുള്ള ദൈവത്തിന്റെ വേലയുടെ ആത്യന്തിക പരിണതിയാണ്. ഓരോ പുസ്തകത്തിനും ഒരു ഉപസംഹാരം ഉണ്ടായിരിക്കണം. ഒരു പുസ്തകത്തിൽ അനേകം കാര്യങ്ങൾ ഉണ്ടായിരിക്കാമെങ്കിലും, അവസാന വാക്കാണ് ഏറ്റവും പ്രധാനപ്പെട്ട വാക്ക്. എന്താണ് വേദപുസ്തകത്തിന്റെ ഉപസംഹാരം? ഇത് ദൈവത്തിന്റെ നിത്യനിവാസമായ വിശുദ്ധനഗരം, പുതിയ യെരൂശലേം എന്ന ആത്യന്തിക പരിണതിയാണ്. ഫിലദെൽഫ്യയിലുള്ള സഭയ്ക്കുള്ള ലേഖനമാണ് ഏഴു സഭകൾക്കിടയിൽ പ്രമുഖമായത്. ഈ ലേഖനം പുതിയ യെരൂശലേം എന്ന ദൈവത്തിന്റെ നിത്യോദ്ദേശ്യത്തിന്റെ ഉന്നതസ്ഥാനത്ത് എത്തിച്ചേരുന്നു. ഇത് മുഴുവൻ വേദപുസ്തകത്തിന്റെ ആത്യന്തിക പരിണിതിയിൽ എത്തിച്ചേരുന്നു, കാരണം വേദപുസ്തകവും ഈ ലേഖനവും പുതിയ യെരൂശലേമിൽ പര്യവസാനിക്കുന്നു. ഇക്കാരണത്താൽ, ഈ ലേഖനം ഏഴു ലേഖനങ്ങൾക്കിടയിൽ പ്രമുഖമായത് മാത്രമല്ല, മുഴുവൻ വേദപുസ്തകത്തിന്റെയും ഉന്നത സ്ഥാനത്തിലേക്കു കയറിവരുകയും ചെയ്യുന്നു.

## രൂപാന്തരത്തിനും കെട്ടുപണിക്കുംവേണ്ടിയുള്ള നമ്മുടെ ആവശ്യം

അപ്പൊസ്തലനായ യോഹന്നാൻ ചെറിയ ചുരുൾ ഭക്ഷിച്ചപ്പോൾ, അത് അവന്റെ വായ്ക്ക് മധുരവും വയറ്റിന് കൈപ്പും ആയിരുന്നു (10:10). നമ്മുടെ അനുഭവവും അതുപോലെയാണ്. നാം ദർശനം കണ്ടപ്പോൾ, ദർശനം മധുരമായിരുന്നതുകൊണ്ട് നാം സന്തോഷമുള്ളവരായിരുന്നു. എന്നാൽ ഈ ദർശനം കണ്ടതിനുശേഷം വർഷങ്ങളായി നമ്മുടെ അനുഭവത്തിൽ നമുക്ക് ഒരു കൈപ്പേറിയ അനുഭൂതിയുണ്ടായിരിക്കുന്നു. കൈപ്പുള്ള ഈ അനുഭൂതി ഇന്ന് ക്രിസ്ത്യാനികളുടെ ഇടയിൽ ദരിദ്രമായ സാഹചര്യത്തെ സംബന്ധിച്ചതാണ്. കർത്താവിന്റെ ശുശ്രൂഷയോട് വളരെ അടുത്തുള്ളവരായ നമ്മുടെ ഇടയിൽപോലും ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി കരുതാത്ത അനേകരുണ്ട്. അവർ തങ്ങളുടെ അനുഗ്രഹങ്ങൾക്കും തങ്ങളുടെ വ്യക്തിപരമായ ആത്മികതയ്ക്കുംവേണ്ടി കരുതുന്നു. മറ്റുള്ളവർ അടിസ്ഥാനപരമായും ഉപദേശപരമായും ശരിയായിരിക്കുന്നതിനുവേണ്ടി കരുതുന്നുവെങ്കിലും, ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി കരുതുന്നില്ല. അവർ സമൂലമായി മാറ്റപ്പെടുകയും രൂപാന്തരപ്പെടുകയും വേണം. ഈ പ്രിയപ്പെട്ടവരോട് ഞാൻ നിഷ്കപടവും സത്യസന്ധവും സ്നേഹപരവുമായ ഒരു വാക്കു പറയട്ടെ? ഉപദേശത്തെ മറന്നുകളഞ്ഞിട്ട് നിങ്ങളെത്തന്നെ നോക്കുക. നിങ്ങൾ ആരാണ്? നിങ്ങൾ എന്താണ്? ഉപദേശം ശരിയോ തെറ്റോ എന്നുള്ളതിന് അല്പം പ്രാധാന്യമേയുള്ളൂ. നിങ്ങൾ എന്തായിരിക്കുന്നു എന്നതാണ് യഥാർഥത്തിൽ പ്രധാനം. വർഷങ്ങളായി നിങ്ങൾ ഉപദേശത്തെ സംബന്ധിച്ച് വിചാരമുള്ളവരായിരുന്നു; എന്നാൽ നിങ്ങളിൽ എന്തെങ്കിലും മാറ്റമുണ്ടായിട്ടുണ്ടോ? ഇരുപത്തഞ്ചു വർഷങ്ങൾക്കു മുമ്പുണ്ടായിരുന്നതുപോലെ തന്നെയാണോ നിങ്ങൾ ഇപ്പോഴും? ഒരുപക്ഷേ നിങ്ങൾ ഒരിക്കലും യാതൊരു രൂപാന്തരവും കെട്ടുപണിയും അനുഭവിച്ചിട്ടില്ലായിരിക്കും. നിങ്ങൾ നിങ്ങളെത്തന്നെ ആത്മികരായും, തിരുവെഴുത്തിൻപ്രകാരമുള്ളവരായും, അടിസ്ഥാനപരമായവരും, ശരിയായവരും എന്ന് സ്വയം കരുതുന്നുണ്ടാകും. എന്നാൽ നിങ്ങളുടെ ആളത്തത്തിന്റെ ഏതു ഭാഗത്താണ് നിങ്ങൾ രൂപാന്തരപ്പെട്ടിരിക്കുന്നത്? ആരുമായാണ് നിങ്ങൾ ചേർത്തുപണിയപ്പെട്ടിരിക്കുന്നത്? ദിനംപ്രതി നിങ്ങൾ വേദപുസ്തകത്തെ പുണരുകയും, ഉപദേശത്തിൽ അടിസ്ഥാനപരമായി ശരിയായവരായിരിക്കുവാൻ പരിശ്രമിക്കുകയും ചെയ്യുന്നുവെങ്കിലും, നിങ്ങളുടെ ആളത്തം എങ്ങനെയാണ്? നിങ്ങൾക്ക് ഒരു മാറ്റം ഉണ്ടായിട്ടുണ്ടോ?

## ദൈവം അവനെത്തന്നെ നമ്മിലേക്കു പകരുന്നതിലൂടെ രൂപാന്തരപ്പെടുന്നത്

എന്താണ് ദൈവത്തിന്റെ കെട്ടുപണി? ദൈവത്തിന്റെ കെട്ടുപണി

അവനെത്തന്നെ നമ്മിലേക്കു പകരുന്നതും, അവനെത്തന്നെ നമ്മുടെ ആളത്തത്തിലേക്കു പണിതുചേർക്കുന്നതും ആണ്. കല്ലാ യിത്തീർക്കപ്പെട്ട മരത്തെ വീണ്ടും ഉദാഹരണമായി എടുക്കാം. മരം സ്വാഭാവികമാണ്; അതിൽ കല്ലിന്റെ സാരാംശം നല്കുവാൻതക്ക യാതൊരു ധാതുമൂലകവും ഇല്ല. ദൈവത്തിന്റെ നിത്യകെട്ടിടത്തിൽ മരമില്ല. അവന്റെ കെട്ടിടത്തിൽ വിലയേറിയ കല്ലുകളും പൊന്നും മുത്തുകളും മാത്രമേയുള്ളൂ. പുതിയ യെരൂശലേമിന്റെ പന്ത്രണ്ട് അടിസ്ഥാനങ്ങൾ വിലയേറിയ കല്ലുകൾകൊണ്ടുള്ള തട്ടുകളും (21:19-20), മുഴുവൻ മതിലും സൂര്യകാന്തംകൊണ്ട് പണിതിരിക്കുന്നതും ആണ് (21:18). പുതിയ യെരൂശലേമിൽ ചെളിയുടെയോ മരത്തിന്റെയോ യാതൊന്നുമില്ല. സ്വഭാവത്താൽ നാം എല്ലാവരും ചെളികൊണ്ടുള്ളവരോ മരംകൊണ്ടുള്ളവരോ ആണ്. മരം ചെളിയെക്കാൾ നല്ലതാണെന്നു ചിന്തിച്ചുകൊണ്ട്, എല്ലാവരും ചെളികൊണ്ടുള്ളവരായിരിക്കുന്നതിനെക്കാൾ മരംകൊണ്ടുള്ളവരാ യിരിക്കുവാൻ ആഗ്രഹിക്കുന്നു. എന്നിരുന്നാലും, ദൈവത്തിന്റെ പണിയുന്ന കരത്തിൽ ചെളിയും മരവും ഉപയോഗമുള്ളതല്ല. നമുക്ക് രൂപാന്തരം ആവശ്യമാണ്. ചെളികൊണ്ടുള്ളവരായ ജനം വിലയേറിയ കല്ലുകളായി രൂപാന്തരപ്പെടുകയും, മരംകൊണ്ടുള്ളവർ കല്ലായിത്തീർക്കപ്പെട്ടവരാകുകയും വേണം. ഒരു കഷ്ണം മരം കല്ലായി ത്തീർക്കപ്പെടുവാനുള്ള മാർഗം മരത്തിന്റെ സത്തയെ എടുത്തുകൊ ണ്ടുപോകുവാൻതക്കവണ്ണം ജീവജലത്തെ അതിലൂടെ ഒഴുകുവാൻ അനുവദിച്ച്, ഉറപ്പുള്ള ധാതുമൂലകംകൊണ്ട് അതിനെ പകരംവ യ്ക്കുന്നതാണ്. ഭൗതികലോകത്തിലെ കല്ലായിത്തീർക്കപ്പെടുന്ന പ്രക്രിയ ആത്മിക യാഥാർഥ്യത്തിന്റെ ഒരു അടയാളമാണ്. ഇന്ന് ദൈവം തന്റെ ദിവ്യജീവന്റെ ഒഴുക്കിനാൽ നമ്മെ വാസ്തവമായും "കല്ലാക്കിത്തീർത്തുകൊണ്ടിരിക്കുകയാണ്." ഈ ഒഴുക്ക് വെളിപ്പാട് 22:1-ൽ വ്യക്തമായി വെളിപ്പെടുത്തിയിരിക്കുന്നു; അതു പറയുന്നു, "ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജലനദി അവൻ എന്നെ കാണിച്ചു." ഈ നദി മുഴുവൻ നഗരത്തിലൂടെയും ഒഴുകുന്നു.

ഇന്നത്തെ ക്രിസ്ത്യാനികളെ സംബന്ധിച്ച് എന്റെ ഉള്ളിൽ കൈപ്പുള്ള രുചി, ഒരു കൈപ്പേറിയ അനുഭൂതി എനിക്ക് സ്ഥിരമായുണ്ട്. അവർ അധികം അറിയുന്നതായി കാണപ്പെടു ന്നുവെങ്കിലും അവർ വളരെ അജ്ഞരും ഒന്നും അറിയാത്തവരും ആണ്. നിങ്ങൾക്ക് എന്തറിയാം എന്നതു വിഷയമല്ല. നിങ്ങൾക്ക് ഒരുപാടു കാര്യങ്ങൾ അറിയാമായിരിക്കാം, എന്നാൽ നിങ്ങളുടെ ഓരോ ഭാഗവും ഇപ്പോഴും ചെളിയോ മരമോ ആയിരിക്കാം, നിങ്ങൾ രൂപാന്തരപ്പെട്ടിട്ടില്ല എന്ന് അതു സൂചിപ്പിക്കുന്നു. നമ്മുടെ ആളത്തത്തിലേക്ക് ദൈവം അവനെത്തന്നെ പകരുന്നതിലൂടെ

നാം രൂപാന്തരപ്പെടണം. വേദപുസ്തകത്തെക്കുറിച്ചുള്ള നിങ്ങളുടെ അറിവിനെയും നിങ്ങളുടെ മതത്തെയും മറന്നിട്ട് ഒരു കാര്യത്തിനു മാത്രം, നിങ്ങളിലേക്ക് ജീവനുള്ള ദൈവം അവനെത്തന്നെ പകർന്നതിലൂടെ നിങ്ങൾ എത്രമാത്രം രൂപാന്തരപ്പെട്ടു എന്ന കാര്യത്തിനു മാത്രം ശ്രദ്ധ നല്കുക. ഇതിലാണ് വാസ്തവമായും കാര്യമുള്ളത്. വേദപുസ്തകത്തിലെ അനേകം വാക്യങ്ങൾ ഉരുവിടുവാൻ നിങ്ങൾക്കു കഴിയുമായിരിക്കും, എങ്കിലും നിങ്ങൾ നിങ്ങൾതന്നെയായിരിക്കുന്നതിൽ യാതൊരു അർഥവുമില്ല. നിങ്ങളുടെ ആളത്തത്തിലേക്ക് അവനെത്തന്നെ പകരുന്നതൊഴികെ യാതൊന്നും ദൈവത്തിന്റെ വ്യവസ്ഥയിൽ എണ്ണപ്പെടുന്നില്ല. "എനിക്ക് വേദപുസ്തകത്തെക്കുറിച്ച് വളരെയൊന്നും അറിയില്ല; എനിക്ക് ഒരു കാര്യം മാത്രം അറിയാം: ദിനംപ്രതി ദൈവം അവനെത്തന്നെ എന്നിലേക്കു പകർന്നുകൊണ്ടിരിക്കുന്നു. ഓരോ ദിവസവും ദൈവത്തിന്റേതായ ചിലത് എന്റെ സ്വാഭാവിക മൂലകത്തെ എടുത്തുകൊണ്ടുപോയി അതിനെ അവന്റെ ദിവ്യമൂലകംകൊണ്ട് പകരംവയ്ക്കുന്നതിന് എന്നിലേക്ക് ഒഴുകുന്നു" എന്ന് നിങ്ങളിൽ അനേകർക്കും പറയുവാൻ കഴിയുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

ഞാൻ ആഴത്തിൽ ഭാരപ്പെട്ടിരിക്കുന്നു! നിങ്ങൾ നല്ലവരോ മോശമായവരോ, വിശുദ്ധരോ അശുദ്ധരോ, ആത്മികരോ അനാത്മികരോ എന്നതു വിഷയമല്ല. നിങ്ങൾ കർത്താവിനാൽ സ്പർശിക്കപ്പെട്ടും രൂപാന്തരപ്പെട്ടും ഇരിക്കുന്നുവോ എന്നതു മാത്രമാണു വിഷയം. നാം നമ്മെത്തന്നെ തുറക്കുവാൻ മനസ്സുള്ളവരായി, "കർത്താവേ, കടന്നുപോകേണമേ. കർത്താവേ, എന്നിലും, എന്നിലൂടെയും, എന്നിൽനിന്നും ഒഴുകി എന്റെ സ്വാഭാവികമായ ഓരോ കണികയേയും എടുത്തുകൊണ്ടുപോകണമേ. കർത്താവേ, പുറമേയുള്ള പരിഷ്കരണത്തെ ഞാൻ വെറുക്കുകയും പുറമെ തിരുത്തപ്പെടുന്നതിൽ ഞാൻ തളർന്നിരിക്കുകയും ചെയ്യുന്നു. മതത്തിലും വേദപുസ്തകത്തിലുള്ള അറിവിലും ഞാൻ തളർന്നിരിക്കുന്നു. വ്യതിരിക്തമായി ആത്മികനായിരിക്കുന്നതിൽ ഞാൻ തളർന്നിരിക്കുന്നു. കർത്താവേ, നിന്റെ ദിവ്യസാരാംശം അല്പംമാത്രം ഉള്ളതുകൊണ്ട് എന്റെ അവസ്ഥയെക്കുറിച്ച് ഞാൻ തീവ്രനൈരാശ്യമുള്ളവനാണ്. വർഷങ്ങളായി ഞാൻ പഠിച്ചും 'ആത്മികവർദ്ധന' ലഭിച്ചും ഇരിക്കുന്നു. എങ്കിലും എനിക്ക് ഒരു മാറ്റവും ഇല്ലാതിരിക്കുന്നു" എന്നു പറയണം.

## വാസ്തവമായ സാഹോദരസ്നേഹം

ഫിലദെൽഫ്യയിലുള്ള സഭ വളരെയധികം തെറ്റിദ്ധരിക്കപ്പെട്ടിരുന്നു. അതെ, അത് സഹോദരസ്നേഹത്തിന്റെ സഭയാണ്.

എന്നാൽ എത്തരത്തിലുള്ള സ്നേഹമാണിത്? അതു പുറമെ അന്യോന്യം ആശ്ലേഷിക്കുന്നതു മാത്രമാണോ? അത് നിർവ്യാജമായ സഹോദരസ്നേഹമാണോ? ഇല്ല, സഹോദരസ്നേഹം നമ്മുടെ ആളത്തത്തിലേക്ക് പണിതുചേർക്കപ്പെടുകയും നമ്മിലൂടെ ജീവിച്ചുവെളിപ്പെടുകയും ചെയ്യുന്ന ക്രിസ്തു തന്നെയാണ്. മുൻകുറിശാസ്ത്രത്തിൽ, നമ്മുടെ സ്വാഭാവിക സ്നേഹം തേൻപോലെയാണ്, അത് ദൈവം ഒരിക്കലും സ്വീകരിക്കുകയില്ല. സ്വാഭാവിക ജീവനും സ്വാഭാവിക സ്നേഹവും കുന്തുരുക്കമല്ല; അവ ദൈവദൃഷ്ടിയിൽ വെറുപ്പുളവാക്കുന്ന തേനാണ്. സ്വാഭാവിക സഹോദരസ്നേഹം പുളിപ്പുപോലെതന്നെ ദൈവത്തിന് വെറുപ്പുളവാക്കുന്നതാണ്. യഥാർഥ സഹോദരസ്നേഹം നമ്മുടെ ആളത്തത്തിലേക്ക് പണിതുചേർക്കപ്പെട്ടിരിക്കുന്ന ക്രിസ്തുവിന്റെ ആവിഷ്കാരമാണ്. നമ്മുടെ സ്വാഭാവിക സാരാംശവും മൂലകവും ദിവ്യജീവന്റെ ഒഴുക്ക് എടുത്തുകൊണ്ടുപോകുകയും അതിനെ ദൈവത്തിന്റെ ദിവ്യമൂലകം പകരംവയ്ക്കുകയും വേണം.

## ഒരു തൂണാക്കപ്പെടുന്നതിന്റെ പ്രാധാന്യം

ഒരു തൂണാക്കപ്പെടുന്നതിന്റെയും കർത്താവിനാൽ എഴുതപ്പെടുന്നതിന്റെയും പ്രാധാന്യം എന്താണ്? മരമോ ചെളിയോ ആകുന്ന ഇത്രയും പ്രാകൃതരായ നമ്മെ എങ്ങനെയാണ് കർത്താവിന് തൂണുകളാക്കുവാൻ കഴിയുന്നത്? നമ്മെ രൂപാന്തരപ്പെടുത്തുകയാണ് അതിനുള്ള ഏക മാർഗം, അതായത്, നമ്മുടെ സ്വാഭാവിക മൂലകത്തെ എടുത്തുകൊണ്ടുപോയി അവന്റെ ദിവ്യമൂലകംകൊണ്ട് പകരംവയ്ക്കുന്നതാണ്. 3:12-ലെ *ആക്കുക* എന്ന വാക്കിന്റെ അർഥം നമ്മെ ചിലതാക്കി സംരചിക്കുക, സൃഷ്ടിപരമായ രീതിയിൽ നമ്മെ നിർമിക്കുക എന്നാണ്. ഇതാണ് രൂപാന്തരം. ഇന്ന് കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ അവന്റെ സാക്ഷ്യമെന്ന നിലയിൽ, തിരുവെഴുത്തിൻപ്രകാരം മാത്രമായിരുന്നാൽ പോരാ. ദൈവത്തിന്റെ നിത്യോദ്ദേശ്യത്തിന്റെ നിവർത്തീകരണത്തിനുവേണ്ടി നാം എല്ലാവരും ഇങ്ങനെ പറയണം, "കർത്താവേ, ഞാൻ ഇവിടെ ആയിരിക്കുന്നു. നിന്റെ കല്ലാക്കിത്തീർക്കൽ എനിക്കാവശ്യമാണെന്ന ദർശനം ഞാൻ കണ്ടിരിക്കുന്നു. ഞാൻ മരമാണ്, നിന്നാൽ ഞാൻ കല്ലാക്കപ്പെടണം. കർത്താവേ, എന്നിലൂടെ ഒഴുകുകയും, എന്റെ സകല സ്വാഭാവിക ആളത്തത്തെയും എടുത്തുകൊണ്ടുപോയി നിന്നെക്കൊണ്ട് അതിനെ പകരംവയ്ക്കുകയും ചെയ്യേണമേ."

ഫിലദെൽഫ്യയിലുള്ള സഭയ്ക്കുള്ള ലേഖനം കർത്താവിന്റെ മക്കൾക്ക് ഇന്നത്തെപ്പോലെ ഒരിക്കലും തുറക്കപ്പെട്ടിരുന്നില്ല. വർഷങ്ങളിലുടനീളം ക്രിസ്ത്യാനികൾക്ക് ദൈവത്തിന്റെ രൂപാന്തരത്തിന്റെയും കെട്ടുപണിയുടെയും യഥാർഥമായ

അനുഭവത്തിന്റെ കുറവുണ്ടായിരുന്നു. ഈ കുറവു നിമിത്തം 3:12-ന്റെ പരിജ്ഞാനം ഇല്ലായിരുന്നു. അനുഭവത്തിലൂടെ മാത്രമാണ് നാം ഈ വാക്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കുവാൻ ആരംഭിച്ചതെന്ന് ഞാൻ വീണ്ടും പറയുന്നു. ഇന്ന് ശരിയായ സഭാജീവിതത്തിൽ വെറും മരക്കഷണങ്ങളായ നമ്മെ കർത്താവ് ദൈവത്തിന്റെ ആലയത്തിലെ തൂണുകളാക്കിക്കൊണ്ടിരിക്കുന്നു. ഈ വാചകം ലളിതമാണെങ്കിലും അതിന്റെ പ്രാധാന്യം അഗാധമാണ്. ഫിലദെൽഫ്യയിലുള്ള സഭയിൽ കർത്താവു നമ്മെ തിരുത്തുകയോ നമ്മെ എരിക്കുകയോ ചെയ്യുന്നില്ല. കർത്താവു നമ്മെ, പഴയവരെയും പുതിയവരെയും ഒരുപോലെ, ദൈവത്തിന്റെ ആലയത്തിലെ ഒരു തൂണാക്കുന്ന പ്രക്രിയയിലാണ്. ഇത് നിശ്ചയമായും ഗൗരവമുള്ള കാര്യമാണ്. കർത്താവിന് ഇതു നിർവഹിക്കുവാൻ കഴയുന്നതിനുള്ള ഏക മാർഗം നമ്മുടെ ഉള്ളിലെ ദിവ്യ ഒഴുക്കായിത്തീരുന്നതിനാൽ മാത്രമാണ്. ഈ വിഷയത്തിൽ കർത്താവിനുപോലും ഒരു ശീഘ്രവേല ചെയ്യുവാൻ കഴിയുകയില്ല. നമ്മുടെ ബാഹ്യമായ പെരുമാറ്റത്തെ തിരുത്തുവാനല്ല, പിന്നെയോ നമ്മുടെ സ്വാഭാവിക സാരാംശത്തെ എടുത്തുകൊണ്ടുപോകുവാൻ അവൻ ദിവ്യ ഒഴുക്കായി ക്ഷമാപൂർവം അവനെത്തന്നെ നമ്മിലേക്ക് പണിതുചേർക്കുന്നു. നമ്മുടെ പെരുമാറ്റത്തിന്റെ കേവലമായ പുരോഗതി ദൈവം ആഗ്രഹിക്കുന്നില്ല. ഇന്നു കർത്താവ് ശരിയായ സഭാജീവിതം ആഗ്രഹിക്കുന്നു. ഇതിനുവേണ്ടി, അവൻ ഈ നിമിഷംതന്നെ നമ്മിലേക്ക് കടന്നുവരുവാൻ ആകാംക്ഷയുള്ളവനാണ്. നാളെയ്ക്കായി കാത്തിരിക്കുകയും മറ്റുള്ളവരെക്കുറിച്ച് അത്ഭുതപ്പെടുകയും അരുത്. നിങ്ങളെത്തന്നെ നോക്കുക. നിങ്ങളുടെ സ്വാഭാവിക ആളത്തത്തെ വഹിച്ചുകൊണ്ടുപോകുന്നതിനുള്ള ദിവ്യപ്രവാഹമായി അവനെത്തന്നെ നിങ്ങളിലേക്ക് പണിതുചേർക്കുകയും അവന്റെ രൂപാന്തരപ്പെടുത്തുന്ന മൂലകത്താൽ നിങ്ങൾ ക്രമേണ മാറ്റപ്പെടേണ്ടതിന് അവന്റെ ദിവ്യസാരാംശത്തെ പകരംവയ്ക്കുകയുമാണ് സഭയിലുള്ള കർത്താവിന്റെ വേല. ഇതു മാത്രമാണ് നമ്മുടെ ആവശ്യം. ദൈവം നമ്മെ രൂപാന്തരപ്പെടുത്തുമ്പോൾ നാം ചിലത്—അവന്റെ കെട്ടിടത്തിനുവേണ്ടിയുള്ള വിലയേറിയ സാമഗ്രി—ആയിത്തീരും. നാം എത്രമാത്രം ഈ സാമഗ്രി ആയിത്തീരുന്നുവോ, അത്രമാത്രം അവന്റെ കെട്ടിടത്തിലേക്ക് നമ്മെ അവൻ പണിതുചേർക്കും. അവസാനം ഈ കെട്ടുപണി പുതിയ യെരൂശലേമായിത്തീരും.

കർത്താവു തന്റെ വേലയെ, അതിന്റെമേൽ ഉചിതമായ അഭിദാനം എഴുതിക്കൊണ്ട്, നാമകരണം ചെയ്യുന്നു. ഒരു ആശാരി ഒരു സാധനം പണിതുതീർത്തതിനുശേഷം അവൻ അതിന്മേൽ ഒരു ലേബൽ പതിച്ചേക്കാം. ആ ലേബൽ അവൻ പണിത സാധനത്തിന്റെ അഭിദാനമാണ്. അതുപോലെ, കർത്താവു നമ്മെ

അവന്റെ ആലയത്തിലെ ഒരു തൂണായി പണിതുകൊണ്ടിരിക്കുന്നു. ആലയം ഒരു നഗരമായി വികാസംപ്രാപിക്കുമെന്ന് പിന്നീടുള്ള ചില ദൂതുകളിൽ നാം കാണും. മുഴുവൻ നഗരവും വികാസംപ്രാപിച്ച ഒരു ആലയമായിരിക്കും. ഇക്കാരണത്താൽ, ആലയത്തിൽ ഒരു തൂണായിരിക്കുന്നത് ആത്യന്തികമായി പുതിയ യെരൂശലേമിന്റെ ഒരു ഭാഗമായിരിക്കുന്നതാണ്. ഫിലദെൽഫ്യയിലുള്ള ജയാളിയെ ആലയത്തിലെ തൂണാക്കുമെന്ന് 3:12-ൽ നമ്മോടു പറഞ്ഞെങ്കിലും, അവന്റെമേൽ കർത്താവ് വയ്ക്കുന്ന നാമം "ദൈവത്തിന്റെ ആലയം" എന്നല്ല, "പുതിയ യെരൂശലേം" എന്നാണ്. ആത്യന്തികമായി നാം ആലയത്തിന്റെ ഭാഗമായിരിക്കുകയില്ല, പുതിയ യെരൂശലേമിന്റെ ഭാഗമായിരിക്കും. കർത്താവു നമ്മെ സൃഷ്ടിപരമായ രീതിയിൽ ആക്കിക്കൊണ്ടിരിക്കുന്നതാണ് പുതിയ യെരൂശലേം. ഇന്നല്ലെങ്കിൽ നാളെ കർത്താവ് പുതിയ യെരൂശലേം എന്ന നാമം നമ്മുടെമേൽ എഴുതും. അവൻ നമ്മെ നിർമ്മിച്ചിരിക്കുന്നതിനനുസരിച്ച് നമ്മെ നാമകരണം ചെയ്യും.

## ക്രിസ്തുവിന്റെ രൂപാന്തരപ്പെടുത്തുകയും പണിയുകയും ചെയ്യുന്ന ജീവനെ അനുഭവമാക്കുന്നത്

ഇതെല്ലാം ക്രിസ്തുവിന്റെ ഒരു പുതിയ തിരിച്ചറിയലിന്റെയും അനുഭവമാക്കലിന്റെയുംമേൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. ക്രിസ്തുവിനെ സംബന്ധിച്ച നിങ്ങളുടെ അനുഭവം വളരെ പഴയതായിരിക്കാം. ക്രിസ്തുവിനെ സംബന്ധിച്ച നിങ്ങളുടെ അനുഭവത്തെ സാക്ഷ്യപ്പെടുത്തുന്നതിന് നിങ്ങൾ എഴുന്നേൽക്കുമ്പോഴെല്ലാം അതു പഴയതാണ്. നമുക്കെല്ലാവർക്കും ചില പുതിയ, തൽസമയ ക്രിസ്താനുഭവം ആവശ്യമാണ്. ക്രിസ്തുവിലുള്ള ഈ പുതിയ അനുഭവം അവൻ നമ്മെ ഒരു തൂണാക്കുന്നതും നമ്മുടെമേൽ പുതിയ യെരൂശലേം എന്ന നാമം എഴുതുന്നതും ആയിരിക്കണം. ഇത് ഒരു പുതിയ അനുഭവമാണ്; ഇതുമൂലം നമുക്ക് അവന്റെ പുതിയ നാമമുണ്ട്. ഈ നാമം എന്താണെന്ന് നിങ്ങൾക്കു മാത്രമേ അറിയാവൂ, കാരണം അതിനെ ഉളവാക്കിയ അനുഭവങ്ങൾ നിങ്ങൾക്കു മാത്രമേ ഉണ്ടായിരുന്നുള്ളൂ. നാം ഒരു തൂണായിത്തീരേണ്ടതിന് നമുക്കെല്ലാവർക്കും ക്രിസ്തുവിലുള്ള ഈ പുതിയ അനുഭവങ്ങൾ ഉണ്ടായിരിക്കണം. "കർത്താവേ, ഞാൻ നിന്നെ സ്തുതിക്കുന്നു. എനിക്ക് നിന്റെ രൂപാന്തരം ആവശ്യമാണെന്ന് ഞാൻ ഒരിക്കലും മനസ്സിലാക്കിയിരുന്നില്ല. കർത്താവേ, ഈ വർഷങ്ങളിലെല്ലാം ഞാൻ വ്യക്തിപരതയുള്ളവനായിരുന്നു. നീ എന്നിലൂടെ ഒഴുകി എന്റെ സ്വാഭാവികമായ വ്യക്തിപരതയെ എടുത്തുകൊണ്ടുപോയി, അതിനെ നിന്റെ സാരാംശംകൊണ്ട് പകരംവയ്ക്കുവാനും ഇപ്പോൾ ഞാൻ ആവശ്യപ്പെടുന്നു. ഞാൻ നിന്നാൽ രൂപാന്തരപ്പെടുവാനും

നിന്റെ ശരീരത്തിലെ മറ്റ് അവയവങ്ങളുമായി നിന്നാൽ പണിയപ്പെടുവാനും ആഗ്രഹിക്കുന്നു. കർത്താവേ, സ്വഭാവികനും വ്യക്തിപ്രധാനമുള്ളവനും ആയിരിക്കുന്നതിനെ ഞാൻ വെറുക്കുന്നു. രൂപാന്തരപ്പെടുത്തുകയും പണിയുകയും ചെയ്യുന്ന ക്രിസ്തുവിന്റെ ചില പുതിയ അനുഭവങ്ങൾ എനിക്കുണ്ടായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ക്രിസ്തുവിന്റെ രൂപാന്തരപ്പെടുത്തുകയും പണിയുകയും ചെയ്യുന്ന ജീവനെ അനുഭവമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു" എന്ന് കർത്താവിനെ വളരെക്കാലമായി അറിയുന്നവരായ നമ്മിൽ അനേകരും പറയുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ഒരുപക്ഷേ നിങ്ങൾ ക്രിസ്തുവിന്റെ രക്ഷിക്കുന്ന ജീവനെ അനുഭവമാക്കിയിരിക്കാം. അവന്റെ ജീവൻ നിങ്ങളെ പാപത്തിൽനിന്നും ലൗകികതയിൽനിന്നും രക്ഷിച്ചിരിക്കുന്നു. എങ്കിലും, ഒരുപക്ഷേ നിങ്ങൾ ഒരിക്കലും ക്രിസ്തുവിന്റെ രൂപാന്തരപ്പെടുത്തുകയും പണിയുകയും ചെയ്യുന്ന ജീവനെ അനുഭവമാക്കിയിട്ടില്ല. നിങ്ങൾ പാപത്തിൽനിന്നും ലോകത്തിൽനിന്നും രക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും, നിങ്ങൾ രൂപാന്തരപ്പെടുകയും മറ്റുള്ളവരുമായി പണിയപ്പെടുകയും ചെയ്തിട്ടുണ്ടോ? വർഷങ്ങളായി നിങ്ങൾ സ്വാഭാവികരും വ്യക്തിപ്രധാനമുള്ളവരും ആയിരുന്നു. കർത്താവ് നമ്മോടു കരുണ കാണിക്കട്ടെ. "കർത്താവേ, ഞാൻ ഒരു ദർശനം കാണുന്നതിനും, രൂപാന്തരപ്പെടുത്തുകയും പണിയുകയും ചെയ്യുന്ന ജീവനായി നിന്നെ പുതിയൊരു രീതിയിൽ അനുഭവമാക്കുന്നതിനും എന്റെ കണ്ണുകളെ തുറക്കണമേ, അത് ദൈവത്തിന്റെ ആലയത്തിൽ എന്നെ ഒരു തൂണാക്കുവാനുള്ള അവസരം നിനക്ക് ഉണ്ടാകേണ്ടതിനും, ഞാൻ പുതിയ യെരൂശലേമിന്റെ ഒരു ഭാഗമാകുന്നതിനും ഇടയാക്കട്ടെ" എന്നു നാം പ്രാർഥിക്കണം.